പതിനാലാം കേരള നിയമസഭ
പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം.*209 05.11.2019-ൽ മറുപടിക്ക്

കൈത്തറി വസ്ത്രമെന്ന വ്യാജേനയുള്ള പവർലൂം വസ്ത്ര വില്പന

ചോദ്യം	ഉത്തരം
ശ്രീ.സി.മമ്മൂട്ടി ശ്രീ.കെ.എൻ.എ ഖാദർ പ്രൊഫ.ആബിദ് ഹുസൈൻ തങ്ങൾ ശ്രീ.എം.ഉമ്മർ	ശ്രീ.ഇ.പി.ജയരാജൻ (വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി)
(എ) കൈത്തറി വസ്ത്രമെന്ന തരത്തിൽ ഇതര സംസ്ഥാനങ്ങളിൽനിന്നും എത്തുന്ന പവർലൂം വസ്ത്രങ്ങളുടെ വിൽപ്പന കേരളത്തിലെ പരമ്പരാഗത കൈത്തറി വ്യവസായത്തെ തകർക്കുന്നത് ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; ഇത് നിയന്ത്രി ക്കുന്നതിന് എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്;വിശദീകരിക്കുമോ;	(എ) ഇതര സംസ്ഥാനങ്ങളിൽ നിന്നും എത്തുന്ന കൈത്തറി/യന്ത്രത്തറി വസ്ത്രങ്ങളുടെ അനിയന്ത്രിതമായ വില്പന കേരളത്തിലെ പരമ്പരാഗത കൈത്തറി വ്യവസായത്തെ പ്രതിസന്ധിയിലാക്കുമെന്നതു വസ്തുതയാണ്. കൈത്തറി വസ്ത്രമെന്ന തരത്തിൽ യന്ത്രത്തറി വസ്ത്രങ്ങളുടെ വില്പന ശ്രദ്ധയിൽപ്പെട്ടിട്ടില്ല. കേന്ദ്ര സർക്കാരിന്റെ ആർ.എ.പി ആക്റ്റ് -1985 (റിസർവേഷൻ ഓഫ് ആർട്ടിക്കിൾസ് ഓഫ് പ്രൊഡക്ഷൻ) പ്രകാരം 11 കൈത്തറി വസ്ത്ര ഉല്പന്നങ്ങളെ യന്ത്രത്തറിയുടെ പരിധിയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. ഇവ ഉത്പാദിക്കുന്നില്ല എന്ന് ഉറപ്പാക്കുന്നതിനായി ഒരു എൻഫോർസ്മെന്റ് വിംഗ് കൈത്തറി ഡയറക്ടറേറ്റിൽ പ്രവർത്തിക്കുകയും പ്രസ്തുത വിംഗ് പതിവായി യന്ത്രത്തറികളുടെ പരിശോധന നടത്തിവരികയും ചെയ്യുന്നുണ്ട്.കൂടാതെ യഥാർത്ഥ കൈത്തറി ഉൽപ്പന്നമാണെന്ന് ഉറപ്പാക്കുന്നതിന് ഹാന്റ്ലൂം മാർക്ക് നിഷ്കർഷിക്കുകയും ചെയ്യുന്നു.
(ബി) ഈ സർക്കാർ കൈത്തറി മേഖലയുടെ ഉന്നമനത്തിനായി എന്തെല്ലാം ശ്രമങ്ങൾ നടത്തിയെന്നും എന്തെല്ലാം പദ്ധതികൾ നടപ്പിലാക്കി യെന്നും വിശദമാക്കുമോ;	(ബി) ഈ സർക്കാർ കൈത്തറി മേഖലയുടെ ഉന്നമനത്തിനായി സ്വീകരിച്ച നടപടികൾ അനുബന്ധമായി ചേർക്കുന്നു.

(സി) കൈത്തറി വസ്ത്രത്തിന്റെ അതേ മാതൃകയിൽ യന്ത്ര തറികളിൽ നിർമ്മിക്കുന്ന വസ്ത്രം കണ്ടെത്തി വ്യാജവസ്ത്രങ്ങളുടെ നിർമ്മാണവും വില്പനയും തടയുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ ?

(സി) കൈത്തറി വസ്ത്രങ്ങൾ ഉപഭോക്താക്കൾക്ക് തിരിച്ചറിയുന്നതിനും അതുവഴി കൈത്തറി എന്ന വ്യാജേന ഉൽപ്പന്നങ്ങൾ വിപണനം ചെയ്യുന്നത് ഫലപ്രദമായി തടയുന്നതിനും വേണ്ടി നടപ്പിലാക്കിയ പദ്ധതിയാണ് ഹാന്റ്ലൂം മാർക്ക്. ഹാന്റ്ലൂം മാർക്ക് പതിപ്പിച്ച ഉൽപ്പന്നങ്ങൾക്ക് മാത്രമേ റിബേറ്റ് നൽകി വരുന്നുള്ളൂ. നിയന്ത്രിത തുണിത്തരങ്ങൾ പവർലൂമിൽ ചെയ്യുന്നതു തടയുന്നതിനായി കേന്ദ്ര സർക്കാരിന്റെ ആർ.എ.പി ആക്റ്റ് -1985 (റിസർവേഷൻ ഓഫ് ആർട്ടിക്കിൾസ് ഓഫ് പ്രൊഡക്ഷൻ) അനുസരിച്ച് നിയമം നിലവിലുണ്ട്. ആയതു പ്രകാരം കൈത്തറി ഡയറക്ടറേറ്റിൽ എൻഫോർസ്മെന്റിനു വേണ്ടി ഒരു ഡെപ്യൂട്ടി ഡയറക്ടറേയും മറ്റ് ഉദ്യോഗസ്ഥരേയും ചുമതലപ്പെടുത്തിയിട്ടുണ്ട്. നിയന്ത്രിക്കപ്പെട്ട ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്നുണ്ടോയെന്ന് എല്ലാ പവർലൂം സംഘങ്ങളിലും പരിശോധന നടത്തുകയും ആയതു ശ്രദ്ധയിൽപ്പെട്ടാൽ നിയമനടപടികൾ സ്വീകരിക്കുകയും ചെയ്യുന്നതാണ്. കൈത്തറി ഉൽപ്പന്നങ്ങൾക്ക് ബ്രാന്റിംഗ് ജി. ഐ(Geographical Indication) നൽകുന്ന വഴിയും വ്യാജ ഉൽപ്പന്നങ്ങളെ തടയുവാൻ സാധിക്കുന്നതാണ്.

സെക്ഷൻ ഓഫീസർ

കൈത്തറി സ്കൂൾ യൂണിഫോം പദ്ധതി

പരമ്പരാഗത വ്യവസായമായ കൈത്തറി വ്യവസായത്തെ പ്രോത്സാഹിപ്പിക്കുന്നതിനും കൈത്തറി വ്യവസായ മേഖലയുടെ വികസനത്തിനുമായി കൂടുതൽ നെയ്ത്തുകാരെ ഈ മേഖലയിലേയ്ക്ക് ആകർഷിക്കുന്നതിനും നെയ്ത്തുകാർക്ക് അധിക വേതനം, കൂടുതൽ തൊഴിൽ ദിനങ്ങൾ എന്നിവ ലഭിക്കുന്നതിനുമായി ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നടപ്പിലാക്കിയ പദ്ധതിയാണ് **"സൗജന്യ സ്കൂൾ യൂണിഫോം പദ്ധതി"**. 5000-ഓളം നെയ്ത്തു തൊഴിലാളികളും അത്രതന്നെ അനുബന്ധ തൊഴിലാളികളും പദ്ധതിയുടെ ഭാഗമായി ജോലി ചെയ്യുന്നു. അവർക്ക് സ്ഥിരവരുമാനവും, കൂടുതൽ തൊഴിൽ ദിനങ്ങളും ലഭ്യമാക്കുകയും പൂട്ടി കിടന്നിരുന്ന പല കൈത്തറി സംഘങ്ങളും പ്രസ്തുത പദ്ധതിയിലൂടെ തുറന്നു പ്രവർത്തിപ്പിക്കുവാനും സാധിച്ചു. പദ്ധതി നിലവിൽ വന്നതിനു ശേഷം തൊഴിലാളികൾക്ക് ഒരു സ്ഥിരവരുമാനവും കൂടുതൽ തൊഴിൽ ദിനങ്ങളും ലഭ്യമാകുന്നുണ്ട്. കൈത്തറി സ്കൂൾ യൂണിഫോം പദ്ധതിയുടെ ഭാഗമായി 3 വർഷംകൊണ്ട് 98 ലക്ഷത്തോളം മീറ്റർ തുണി നെയ്യുന്നതിനും തൊഴിലാളികൾക്ക് 124.86 കോടി രൂപ കൂലിയിനത്തിലും നൽകിയിട്ടുണ്ട്.

യുവവീവ് പദ്ധതി

തൊഴിൽ രഹിതരായ യുവജനങ്ങളെ കൈത്തറി നെയ്ത്ത് വ്യവസായ രംഗത്തേക്ക് ആകർഷിക്കുന്നതിന് വേണ്ടിയുള്ള പദ്ധതിയാണിത്. 18 നും 40 നും മദ്ധ്യേ പ്രായമുള്ളവരാണ് ഈ പദ്ധതിയുടെ ഗുണഭോക്താക്കൾ. 20 പേർ അടങ്ങുന്ന ബാച്ചുകളിലായി സൗജന്യ നെയ്ത്തുപരിശീലനം നൽകുകയും, ആവശ്യമുള്ളവർക്ക് 5 വർഷം വരെ തൊഴിൽ സംരക്ഷണം ഉറപ്പ് വരുത്തുകയും ചെയ്യുന്നു. 6 മാസകാലയളവിൽ ആദ്യ മൂന്ന് മാസം സ്റ്റൈപന്റോടു കൂടി പരിശീലനവും, തുടർന്നുള്ള മൂന്നു മാസം സ്റ്റൈപന്റും വേതനവും നൽകി വരുന്നു. പരിശീലനം പൂർത്തിയായവർക്ക് സൗജന്യമായി തറിയും ജോലി സ്ഥിരതതയും ഉറപ്പുവരുത്തുന്നു.പദ്ധതിയുടെ സുഗമമായ നടത്തിപ്പിനായി സംസ്ഥാനതലത്തിലും ജില്ലാതലത്തിലും മോണിറ്ററിംഗ് കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്. 2019-20 സാമ്പത്തിക വർഷം യുവവീവ് പദ്ധതിയ്ക്കായി 100 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.

ഒരുവീട്ടിൽ ഒരുതറി

2017-18 സാമ്പത്തിക വർഷം മുതൽ സർക്കാർ നടപ്പിലാക്കിയ **'ഒരു വീട്ടിൽ ഒരു തറി'** എന്ന പദ്ധതി പ്രകാരം, നെയ്ത്തു അറിയാവുന്നതും എന്നാൽ തറികൾ ഇല്ലാത്തതും വീടിനോട് അനുബന്ധിച്ച് പണിശാല ഉള്ളതുമായ വ്യക്തിഗത നെയ്ത്തുകാർക്കും കൈത്തറി സംഘങ്ങളിലെ പൊതുപണിശാലയിൽ പണിയെടുക്കുന്നതുമായ നെയ്ത്തുകാർക്കും ഒരു തറിയുടെ വിലയുടെ 75% തുക(പരമാവധി 40000/- രൂപ) സർക്കാർ ധനസഹായമായും ബാക്കി 25% തുക ഗുണഭോക്തൃ വിഹിതമായും വഹിക്കുന്ന രീതിയിൽ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. 2019-20 സാമ്പത്തികവർഷം പ്രസ്തുത പദ്ധതിയ്ക്കായി 200 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

കൈത്തറി സുരക്ഷാ പദ്ധതി

കൈത്തറി ഉൽപന്നങ്ങൾ ഗുണമേന്മ ഉറപ്പാക്കി ജനങ്ങൾക്ക് നൽകാൻ കഴിയുന്ന തരത്തിൽ ഇതര നെയ്ത്ത് തൊഴിലാളികളെ ഉപയോഗപ്പെടുത്തി ആധുനിക ഡിസൈനിൽ ഹാന്റെക്സ് വഴി പ്രാവർത്തികമാക്കുന്ന പദ്ധതിയാണ് ഹാന്റെക്സ് **"കൈത്തറി സുരക്ഷാ" പദ്ധതി.** കേരളത്തിലെ സർക്കാർ ജീവനക്കാർ ഉൾപ്പെടെയുള്ള ഗുണഭോക്താക്കളെ പങ്കാളികളാക്കി ക്രെഡിറ്റ് വില്പന സൗകര്യവും നൽകി പദ്ധതി നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത്. ടി പദ്ധതിയിലൂടെ 2019-20 സാമ്പത്തിക വർഷം 100 കോടി രൂപയുടെ വിപണനമാണ് ലക്ഷ്യമിട്ടിരിക്കുന്നത്.

ബ്രാന്റിംഗ്

കേരളത്തിലെ കൈത്തറി ഉൽപന്നങ്ങൾക്ക് "**ബ്രാന്റിംഗ്**" നൽകുന്നതിനായി നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫാഷൻ ടെക്നോളജി (നിഫ്റ്റ്) യുമായി ചേർന്ന് ഈ പദ്ധതി നടപ്പിലാക്കിവരുന്നു. ഇൻഡ്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹാന്റ്ലൂം ടെക്നോളജി, ഹാന്റെക്സ്, ഹാൻവീവ്, നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫാഷൻ ടെക്നോളജി എന്നീ സ്ഥാപനങ്ങളെ ഉൾപ്പെടുത്തി കൊണ്ടുള്ള ഒരു കമ്മിറ്റിയുടെ നേതൃത്വത്തിൽ ബ്രാന്റിംഗ് പ്രവർത്തനങ്ങൾ നടന്നു വരുന്നു. ബ്രാന്റിംഗ് നടത്തുന്നതുവഴി കൈത്തറി ഉൽപ്പന്നങ്ങൾക്ക് ഡിമാന്റ് വർദ്ധിക്കുകയും അതുവഴി നെയ്ത്തുകാർക്കും കൈത്തറി മേഖലയ്ക്കും പ്രയോജനം ലഭിക്കുകയും ചെയ്യും.

നെയ്ത്തുകാർക്കും അനുബന്ധ തൊഴിലാളികൾക്കുമുള്ള പ്രചോദന പരിപാടി (പ്രൊഡക്ഷൻ ഇൻസെന്റീവ്)

അംഗീകൃത നിബന്ധനകളനുസരിച്ച് നിശ്ചിത ടാർജറ്റിൽ കൂടുതൽ നെയ്യുന്ന തൊഴിലാളികൾക്ക് "**പ്രൊഡക്ഷൻ ഇൻസെന്റീവായി**" ഒരാഴ്ച പരമാവധി 1000/- രൂപ നിരക്കിൽ, ചെയ്യുന്ന ജോലിക്കനുസരിച്ച് അധികമായി ആനുകൂല്യങ്ങൾ നൽകി നെയ്ത്തുകാരുടെയും അനുബന്ധ ജോലിക്കാരുടെയും ക്ഷമത വർദ്ധിപ്പിക്കാനാണ് ഈ പദ്ധതി ലക്ഷ്യമിടുന്നത്. 2016-17 വർഷത്തിൽ 311.72 ലക്ഷം രൂപയും 2017-18 വർഷത്തിൽ 860.36 ലക്ഷം രൂപയും 2018-19 വർഷത്തിൽ 500 ലക്ഷം രൂപയും അർഹരായ ഗുണഭോക്താക്കൾക്ക് നൽകുകയും ചെയ്തു. ഓരോ സാമ്പത്തിക വർഷവും തൊഴിലാളികൾക്ക് മെച്ചപ്പെട്ട വേതനവും ഉൽപാദനത്തിനുള്ള പ്രോത്സാഹനവും ഉറപ്പാക്കാൻ സാധിച്ചു.

കൈത്തറി മേഖലയിലെ സ്വയം തൊഴിൽ സഹായ പദ്ധതി

കൈത്തറി മേഖലയിൽ സംരംഭകരെ ആകർഷിക്കുന്നതിനും തൊഴിൽരഹിതരായ അഭ്യസ്തവിദ്യർക്ക് കൈത്തറി മേഖലയിൽ ഉൽപാദനയൂണിറ്റുകൾ തുടങ്ങി സ്വയം തൊഴിൽ കണ്ടെത്തുന്നതിനും സർക്കാർ വിഭാവനം ചെയ്തിരിക്കുന്ന പദ്ധതിയാണ് "**സ്വയം തൊഴിൽ സംരംഭം**". ഈ പദ്ധതി പ്രകാരം സംരംഭം ആരംഭിക്കുന്നതിന് ധനകാര്യ സ്ഥാപനങ്ങളിൽ നിന്നുള്ള വായ്പയുടെ അടിസ്ഥാനത്തിൽ പദ്ധതി രൂപരേഖയിൽ സൂചിപ്പിച്ചിട്ടുള്ള സ്ഥിരമൂലധന നിക്ഷേപത്തിന്റെ 40% പരമാവധി 4 ലക്ഷം രൂപയും, പ്രവർത്തന മൂലധന നിക്ഷേപത്തിന്റെ 30% പരമാവധി 1.5 ലക്ഷം രൂപയും ഗ്രാന്റായി നൽകി വരുന്നു. സംരംഭകത്വ അഭിരുചിയുള്ള യുവതീയുവാക്കളാണ് ഇതിന്റെ ഗുണഭോക്താക്കൾ. 2016-17, 2017-18, 2018-19 എന്നീ സാമ്പത്തിക വർഷങ്ങളിൽ ആരംഭിച്ച സംരംഭങ്ങളിൽ ഏകദേശം 200 - ൽ അധികം പുതിയ നെയ്ത്തുകാർ ഈ പരമ്പരാഗതമേഖലയിൽ തൊഴിൽ നേടിയിട്ടുണ്ട്.

പ്രാഥമിക കൈത്തറി സംഘങ്ങൾക്കുള്ള അവാർഡ് പദ്ധതി

പ്രാഥമിക കൈത്തറി സംഘങ്ങളുടെ പ്രവർത്തനമികവ് അവലോകനം ചെയ്ത് കൊണ്ട് മെച്ചപ്പെട്ട രീതിയിൽ പ്രവർത്തിക്കുന്ന കൈത്തറി സഹകരണ സംഘങ്ങൾക്ക് പ്രോൽസാഹനം നൽകുക വഴി ആരോഗ്യകരമായ മത്സരവും പുരോഗതിയും ആ രംഗത്ത് കൈവരിക്കുന്നതിന് ലക്ഷ്യമിട്ടു കൊണ്ട് നടപ്പിലാക്കിയ പദ്ധതിയാണ് "**പ്രാഥമിക നെയ്ത്തു സംഘങ്ങൾക്കുള്ള അവാർഡ്**". 2017-18 വർഷം സംസ്ഥാനത്ത് ആദ്യമായി നടപ്പിലാക്കിയ ഈ പദ്ധതി വഴി 3 കൈത്തറി സംഘങ്ങൾക്ക് സംസ്ഥാനതല അവാർഡുകളും 10 കൈത്തറി സംഘങ്ങൾക്ക് ജില്ലാതല അവാർഡുകളും നൽകുകയുണ്ടായി. സംസ്ഥാന തലത്തിൽ അവാർഡ് തുകയായ 1 ലക്ഷം രൂപ വീതവും ജില്ലാതലത്തിൽ 50000/- രൂപ വീതവും വിതരണം ചെയ്യുകയുണ്ടായി.

വീവേഴ്സ് ഫെസ്റ്റ്

കൈത്തറി മേഖലയിൽ തൊഴിലെടുക്കുന്ന നെയ്ത്തുകാർ, അനുബന്ധ തൊഴിലാളികൾ അവരുടെ കുടുംബാംഗങ്ങൾ എന്നിവരുടെ ഒത്തുചേരലിനും മാനസികോല്ലാസത്തിനും ക്രിയാത്മകമായി വേദിയൊരുക്കുക എന്ന ലക്ഷ്യത്തോടെ സംസ്ഥാനത്ത് ആദ്യമായി 2017-

18 ൽ നടപ്പിലാക്കിയ പദ്ധതിയാണ് **"വീവേഴ്സ് ഫെസ്റ്റ്"**. ഇതുവഴി നെയ്ത്തുകാരുടെ തൊഴിൽ വൈദഗ്ദ്ധ്യം പ്രകടമാക്കുന്നതിനായുള്ള നെയ്ത്ത് മത്സരം, അതുപോലെ ചിത്രരചന, ഡിസൈൻ എന്നീ രംഗങ്ങളിലുള്ള സർഗ്ഗ വാസനകൾ പ്രോത്സാഹിപ്പിക്കൽ, കൈത്തറി മേഖലയിൽ തൊഴിലെടുക്കുന്നവരുടെ പ്രയാസങ്ങളെ പങ്കുവയ്ക്കാൻ ഒരു വേദിയൊരുക്കുക, സർവ്വോപരി കൈത്തറി ഉൽപന്നങ്ങളുടെ പ്രചാരം വർദ്ധിപ്പിക്കുക എന്നീ ലക്ഷ്യങ്ങൾ സാധ്യമാകുമെന്ന് തെളിഞ്ഞിട്ടുണ്ട്. സംസ്ഥാനത്തൊമ്പാടും കൈത്തറി മേഖലകൾ തിരിച്ചും ജില്ലാതലങ്ങളിലായും 20 ൽ കൂടുതൽ വേദികളിൽ നെയ്ത്തുകാരുടെ മത്സരങ്ങൾ കലാമേളകളുൾപ്പെടെ വീവേഴ്സ് ഫെസ്റ്റ് നടത്തുകയുണ്ടായി.

കൈത്തറി നെയ്ത്തുകാർക്ക് ഗ്രൂപ്പ് ഇൻഷ്വറൻസ് പദ്ധതി (മഹാത്മാ ഗാന്ധി ബങ്കർ ബീമാ യോജന)

മഹാത്മാ ഗാന്ധി ബങ്കർ ബീമാ യോജന എന്ന ഇൻഷ്വറൻസ് പദ്ധതിയിൽ ഒരു നെയ്ത്തുകാരന്റെ വാർഷിക വരിസംഖ്യയായ 330 രൂപയിൽ കേന്ദ്ര സർക്കാരിന്റെ വിഹിതം 150 രൂപയും ലൈഫ് ഇൻഷ്വറൻസ് കോർപ്പറേഷൻ ഓഫ് ഇൻഡ്യയുടെ വിഹിതം 100 രൂപയും നെയ്ത്തുകാരന്റെ വിഹിതം 80 രൂപയുമാണ്. ഇതിൽ കേന്ദ്ര സർക്കാരിന്റെ വിഹിതം ലൈഫ് ഇൻഷ്വറൻസ് കോർപ്പറേഷൻ ഓഫ് ഇൻഡ്യയ്ക്ക് നേരിട്ട് നൽകുന്നു. 2019-20 ബഡ്ജറ്റിൽ നെയ്ത്തുകാരുടെ വിഹിതമായ 18.00 ലക്ഷം രൂപ ഒരു നെയ്ത്തുകാരന് 80 രൂപ നിരക്കിൽ സംസ്ഥാന സർക്കാരിന്റെ മാച്ചിംഗ് വിഹിതമായി വകയിരുത്തിയിരിക്കുന്നു. ഹാന്റ്ലൂം & ടെക്സ്റ്റയിൽസ് ഡയറക്ടറേറ്റിലൂടെയാണ് ഈ പദ്ധതി നടപ്പാക്കുന്നത്.

ഗുണമേന്മയുള്ള അസംസ്കൃത വസ്തുക്കൾ വാങ്ങുന്നതിനുള്ള മാർജിൻ മണി വായ്പ

ഗുണമേന്മയുള്ള അസംസ്കൃത വസ്തുക്കൾ ന്യായമായ വിലയ്ക്ക് യഥാസമയം യാൺ ബാങ്കുകൾ വഴി നെയ്ത്തുകാർക്ക് ലഭ്യമാക്കുന്നതിനായി മാർജിൻമണി വായ്പ പദ്ധതിയിലൂടെ ഉദ്ദേശിച്ചിരിക്കുന്നത്. ഈ പദ്ധതി പ്രകാരം യാൺ ബാങ്കുകൾക്ക് നൂൽ സംഭരിക്കാനും നെയ്ത്തുകാർക്ക് വിതരണം ചെയ്യാനുമായിട്ടുള്ള റിവോൾവിംഗ് ഫണ്ടായിട്ടാണ് മാർജിൻമണി വായ്പ നൽകുന്നത്.

അതോടൊപ്പം ഫാക്ടറി ടൈപ്പ് കൈത്തറി സഹകരണ സംഘങ്ങൾക്കും കോമൺ വർക്ക് ഷെഡുള്ള കോട്ടേജ് ടൈപ്പ് സഹകരണ സംഘങ്ങൾക്കും വർക്ക് ഷെഡിനോട് അനുബന്ധിച്ച് സ്റ്റോർ സൗകര്യത്തോടു കൂടിയുള്ള വിശ്രമ മുറിയും പുതിയ ശുചിമുറി നിർമ്മാണത്തിനും മെയിന്റനൻസിനുമായി 5 ലക്ഷം രൂപ വരെ അനുവദിച്ച് നൽകുന്ന പുതിയ പദ്ധതിയ്ക്കായി 2019-20 സാമ്പത്തിക വർഷം 100 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. പ്രാഥമിക കൈത്തറി സഹകരണ സംഘങ്ങളിലെ വനിതകൾക്കാണ് ഇതിന്റെ പ്രയോജനം ലഭിക്കുക.

സെക്ഷൻ ഓഫീസർ